# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.12.2025** **TIME : 12.50 P M**

## പ്രധാന വാർത്തകൾ

1) എല്ലാവർക്കും നീതിയും, തുല്യ അവസരങ്ങളും ഉറപ്പാക്കുന്നതിന് പബ്ലിക് സർവീസ് കമ്മീഷനുകൾ നീതിയുക്തമായ രീതിയിൽ പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   Public Service Commissions must function fairly to ensure justice and equal opportunities for all, says President Droupadi Murmu.

2) ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

   Both the Houses of Parliament have been adjourned sine die, marking the end of the 19 day winter session.

3) പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ആഗോള ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും

   Prime Minister Narendra Modi will participate in the closing ceremony of the Second WHO Global Summit on Traditional Medicine in New Delhi today.

4) ഉത്തരേന്ത്യയിൽ കനത്ത മൂടൽ മഞ്ഞ് ട്രെയിൻ, വ്യോമ ഗതാഗതങ്ങളെ ബാധിച്ചു. ജാഗ്രതാ നിർദ്ദേശം നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

The Ministry of Civil Aviation today stated that due to prevailing fog conditions in parts of Northern India, airport operations may be impacted. Dense fog has disrupted the movement of several trains in various parts of the country.

5) മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും

The 30th International Film Festival of Kerala concludes today in Thiruvananthapuram.

6) ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ അവസാന മത്സരം ഇന്ന്.

The final match of the India–South Africa T20 cricket series will be played today.

***************

**Prez (Intro)**

ഭരണഘടന വാഗ്ദാനം ചെയ്യുന്ന വിധത്തിൽ, എല്ലാവർക്കും നീതിയും, തുല്യ അവസരങ്ങളും ഉറപ്പാക്കുന്നതിന് പബ്ലിക് സർവീസ് കമ്മീഷനുകൾ നീതിയുക്തമായ രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർ പേഴ്സൺമാരുടെ ദേശീയ സമ്മേളനം ഹൈദരാബാദിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി.

ലോകത്തിലെ അതിവേഗ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയെന്ന നിലയിൽ ഇന്ത്യയ്ക്ക് എല്ലാ തലങ്ങളിലും ഏറ്റവും ഫലപ്രദമായ ഭരണ സംവിധാനങ്ങൾ ആവശ്യമാണെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്)

രണ്ട് ദിവസത്തെ സമ്മേളനത്തിൽ രാജ്യത്തുടനീളമുള്ള സംസ്ഥാന പിഎസ്സി മേധാവിമാരും, മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്.

***************

## HOUSE ADJOURNED (INTRO)

ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. സമ്മേളന കാലയളവിൽ ലോക്സഭ 111 ശതമാനം കാര്യക്ഷമമായി പ്രവർത്തിച്ചതായി സ്പീക്കർ ഓം ബിർള സമാപന പ്രസംഗത്തിൽ വ്യക്തമാക്കി. ഈ മാസം ഒന്നിന് ആരംഭിച്ച ശീതകാല സമ്മേളനത്തിൽ ആകെ 15 ദിവസമാണ് സഭ ചേർന്നത്. സഭയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച മുഴുവൻ അംഗങ്ങൾക്കും സ്പീക്കർ നന്ദി അറിയിച്ചു

(ഹോൾഡ് - ഓം ബിർള)

സമ്മേളന കാലയളവിൽ രാജ്യസഭ 121 ശതമാനം കാര്യക്ഷമതയോടെ 92 മണിക്കൂർ പ്രവർത്തിച്ചതായി സഭാ അധ്യക്ഷൻ സിപി രാധാകൃഷ്ണൻ പറഞ്ഞു. ഉയർന്ന നിലവാരമുള്ള ചർച്ചകളാണ് രാജ്യസഭയിൽ ഇക്കാലയളവിൽ നടന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

***************

## VB G-RAM-G BILL(INTRO)

വികസിത് ഭാരത്- ഗ്യാരൻറി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ 2025 പാർലമെന്റ് പാസാക്കി. ലോക്സഭ നേരത്തെ പാസാക്കിയ ബില്ലിന് ഇന്നലെ അർദ്ധരാത്രി വരെ നീണ്ട ചർച്ചയ്ക്ക് ശേഷം രാജ്യസഭയും അംഗീകാരം നൽകുകയായിരുന്നു.

ഒരു റിപ്പോർട്ട്.

(ഹോൾഡ്)

വോയ്സ്

*2047 ഓടെ വികസിത ഭാരതം ആയി മാറുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമായി വികസിത് ഭാരത് -ജി റാം ജി ബിൽ കേന്ദ്രസർക്കാർ കൊണ്ടുവന്നത്. ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ 125 തൊഴിൽ ദിനങ്ങൾ ഇതിലൂടെ ഉറപ്പുനൽകുന്നു. വിത്തിടൽ, കൊയ്ത്ത് കാലയളവിൽ കാർഷിക മേഖലയിൽ തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 60 ദിവസം വരെ പദ്ധതി നിർത്തിവയ്ക്കാനുള്ള വ്യവസ്ഥയും ബില്ലിലുണ്ട്. ആഴ്ചയടിസ്ഥാനത്തിലായിരിക്കും വേതനം കൈമാറുക. തൊഴിൽ ചെയ്ത് രണ്ടാഴ്ചയ്ക്കുള്ളിൽ തൊഴിലാളികൾക്ക് ഇത് ലഭിക്കുമെന്ന് ഉറപ്പാക്കും. ജലസുരക്ഷ, ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ഉപജീവന അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ, കാലാവസ്ഥാ പ്രത്യാഘാതങ്ങളെ ചെറുക്കാനുള്ള പ്രത്യേക ജോലികൾ എന്നീ നാല് മേഖലകളിലെ തൊഴിലുകൾ കേന്ദ്രീകരിച്ചായിരിക്കും പദ്ധതി നടപ്പാക്കുക. MGNREGA യിൽ കൂടുതൽ സുതാര്യതയും, തൊഴിൽ അവസരങ്ങളും, ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഉദ്ദേശിച്ചുള്ളതാണ് വികസിത് ഭാരത് ജി റാം ജി ബിൽ. പദ്ധതിക്കായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 60- 40 എന്ന അനുപാതത്തിലായിരിക്കും തുക ചിലവിടുന്നത്.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

***************

## PM-WHO SUMMIT

പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന രണ്ടാമത് ആഗോള ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ മൈ ആയുഷ് ഇന്റഗ്രേറ്റഡ് സർവീസസ് പോർട്ടൽ ഉൾപ്പെടെ നിരവധി സുപ്രധാന സംരംഭങ്ങൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. ആയുഷ് ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആഗോള തലത്തിൽ വിഭാവനം ചെയ്ത ആയുഷ് മാർക്ക് അദ്ദേഹം പ്രകാശനം ചെയ്യും. ഇന്ത്യയുടെ ചികിത്സാ പാരമ്പര്യം

പ്രതിഫലിപ്പിക്കുന്ന അശ്വഗന്ധ സ്മരണിക സ്റ്റാമ്പും അദ്ദേഹം പുറത്തിറക്കും. യോഗയുടെ പ്രോത്സാഹനത്തിനായി 2021-25 കാലയളവിൽ അതുല്യ സംഭാവന നൽകിയവർക്കുള്ള പുരസ്കാരങ്ങളും പ്രധാനമന്ത്രി ചടങ്ങിൽ സമ്മാനിക്കും.

***************

## Ratan U Kelkar

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ മാസം 23 നു പുറത്തിറക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ. സംസ്ഥാനത്ത് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായിട്ടുണ്ട്. എന്യൂമറേഷൻറെ സമയപരിധി നീട്ടണമെന്ന കേരളത്തിൻറെ ആവശ്യം അനുഭാവ പൂർവ്വം പരിഗണിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി കഴിഞ്ഞ ദിവസം നിർദ്ദേശിച്ചിരുന്നു. ഹർജി ജനുവരി 6-ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും.

***************

## PM-GOA LIBERATION DAY

ഇന്ന് 64-മത് ഗോവ വിമോചന ദിനം. പോർച്ചുഗീസ് ഭരണത്തിൽ നിന്ന് ഓപ്പറേഷൻ വിജയ് സൈനിക നടപടിയിലൂടെ 1961ൽ ഗോവ വിമോചിതമായതിൻറെ സ്മരണാർത്ഥമാണ് ദിനാചരണം. ഇതിനായി പ്രയത്നിച്ച എല്ലാ ധീര സ്വാതന്ത്ര്യസമര സേനാനികളെയും രാഷ്ട്രം നന്ദിയോടെ സ്മരിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യാനാന്തര പോരാട്ട ചരിത്രത്തിലെ നിർണായക അധ്യായമാണ് ഗോവ വിമോചനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു.

***************

## Lok Bhavan is honored.

കേരളത്തിൽ നിന്നും ഗോവ വിമോചന സമരത്തിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങളെ ലോക് ഭവൻ ഇന്ന് ആദരിക്കും. വൈകിട്ട് നാലു മണിക്ക് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും.

***************

## IMD coldwave

അതിശക്തമായ മൂടൽ മഞ്ഞിനുള്ള സാധ്യത കണക്കിലെടുത്ത് ഉത്തർപ്രദേശിലെയും, ബിഹാറിലെയും വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥവകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.

അതിശൈത്യത്തെ തുടർന്ന് ഉത്തർപ്രദേശിലെ വിവിധ ജില്ലകളിലെ സ്കൂൾ സമയങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഉത്തരാഖണ്ഡ്, ജാർഖണ്ഡ്, ത്രിപുര ന്നിവിടങ്ങളിലും കനത്ത മൂടൽമഞ്ഞിന് സാധ്യതയുണ്ടെന്ന് കാലാവസ്ഥാനിരീക്ഷണ കേന്ദ്രം അറിയിച്ചു. ഡൽഹിയിൽ വായുഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുകയാണ്.

***************

## CIVIL AVIATION-ADVISORY

ഉത്തരേന്ത്യയിൽ മൂടൽമഞ്ഞ് വിമാന സർവീസുകളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടെന്ന് സിവിൽ വ്യോമയാന മന്ത്രാലയം. വിമാന സർവീസുകളുടെ വിവരങ്ങൾ സംബന്ധിച്ച് യാത്രക്കാർ അതാത് വിമാന കമ്പനികളുമായി ബന്ധപ്പെടേണ്ടതാണ്. യാത്രക്കാരെ സഹായിക്കുന്നതിനായി വിമാനത്താവളങ്ങളിൽ പാസഞ്ചർ ഫെസിലിറ്റേഷൻ ടീമുകൾ സജ്ജമാണെന്നും വ്യോമയാന മന്ത്രാലയം അറിയിച്ചു. നിരവധി ട്രെയിൻ സർവീസുകളെയും മൂടൽ മഞ്ഞ് സാരമായി ബാധിച്ചിട്ടുണ്ട്. 60 ഓളം ട്രെയിനുകൾ 5 മണിക്കൂർ വരെ വൈകിയോടുന്നതായി ഇന്ത്യൻ റെയിൽവേ അറിയിച്ചു. യാത്രക്കാർ ട്രെയിനുകളുടെ തത്സമയ വിവരങ്ങൾ യാത്ര

പുറപ്പെടും മുൻപ് പരിശോധിക്കണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചു.

***************

## IFFK

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. വൈകീട്ട് ആറിന് നിശാഗന്ധിയിൽ നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സിനിമ രംഗത്ത് 50 വർഷം പൂർത്തിയാക്കിയ സംവിധായകൻ സയീദ് മിർസയയെയും മേളയുടെ ജൂറി ചെയർപേഴ്സൺ മുഹമ്മദ് റസൂലാഫിനേയും ചടങ്ങിൽ ആദരിക്കും. ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാര ജേതാവ് അബ്ദെറഹ്മാൻ സിസാക്കോയ്ക്ക് മുഖ്യമന്ത്രി പുരസ്കാരം സമ്മാനിക്കും. സമാപന ചടങ്ങിന് ശേഷം സുവർണ ചകോരം നേടിയ സിനിമ നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

***************

## BROOVARY

പാലക്കാട് എലപ്പുള്ളിയിൽ ബ്രൂവറിയ്ക്ക് സംസ്ഥാന സർക്കാർ നൽകിയ അനുമതി ഹൈക്കോടതി റദ്ദാക്കി. ഒയേസിസ് കമ്പനിക്ക് നൽകിയ പ്രാഥമിക അനുമതിയാണ് ഹൈക്കോടതി റദ്ദാക്കിയത്.

വിഷയത്തിൽ കൃത്യമായ പഠനം നടത്തിയിട്ടില്ലെന്നും വിശദമായ പഠനം വേണമെന്നും കോടതി വ്യക്തമാക്കി. നടപടിക്രമങ്ങൾ പാലിച്ച് പുതിയ തീരുമാനമെടുക്കാമെന്നും പൊതുതാൽപര്യ ഹർജിയിൽ ഹൈക്കോടതി ഉത്തരവിട്ടു.

***************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129 -ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും

അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

***************

## INDIA - SA - T-20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം ഇന്ന് നടക്കും. അഹമ്മദാബാദ് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് കളി ആരംഭിക്കുക. പരമ്പരയിലെ നാലാം മത്സരം കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ഉപേക്ഷിച്ചിരുന്നു. നിലവിൽ 2-1 ന് മുന്നിലാണ് ഇന്ത്യ.

***************

## Kerala Super League

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ഫൈനലിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ് എഫ്സിയും തൃശൂർ മാജിക് എഫ്സിയും ഏറ്റുമുട്ടും. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം.

***************

## NIFT- APPLICATION FEE

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി പ്രവേശന പരീക്ഷകൾക്കുള്ള അപേക്ഷാ ഫീസ് കുറച്ചു. 2026-27 ബാച്ചിലെക്ക് ഓപ്പൺ, EWS , OBC-നോൺ ക്രീമി ലയർ , വിഭാഗങ്ങൾക്കുള്ള അപേക്ഷാ ഫീസ് മൂവായിരം രൂപയിൽ നിന്ന് രണ്ടായിരം രൂപയായും
SC, ST PwD ഉദ്യോഗാർത്ഥികൾക്കുള്ള ഫീസ് ആയിരത്തി അഞ്ഞൂറ് രൂപയിൽ നിന്ന് അഞ്ഞൂറ് രൂപയായുമാണ് കുറച്ചത്. പ്രവേശന പരീക്ഷയ്ക്കുള്ള ഫോം ജനുവരി 6 വരെ സമർപ്പിക്കാം. ഫെബ്രുവരി 8 നാണ് പരീക്ഷ.

***************

************

***